LIBRARY ARCHIVES Kerala Legislative Assembly

ഓപ്പറേഷൻ സുരക്ഷ പദ്ധതി

198 (1942) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പറേഷൻ സുരക്ഷ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) അക്രമികളെയും സാമൂഹ്യവിരുദ്ധരെയും ഗുണ്ടകളെയും പൂർണ്ണമായി അമർച്ച ചെയ്ത് ജനങ്ങൾക്ക് സ്വൈരജീവിതം ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സ്ഥിരം കുറ്റവാളികൾക്കെതിരെ ഗുണ്ടാനിയമമനുസരിച്ച് നടപടികൾ സ്വീകരിക്കുക, കുറ്റകൃത്യങ്ങളിലേർപ്പെട്ട ശേഷം നിയമ നടപടികളിൽ നിന്നും ഒഴിഞ്ഞുമാറി നടക്കുന്ന വ്യക്തികളെ അറസ്റ്റ് ചെയ്യാൻ വേണ്ട കർശന നടപടികൾ സ്വീകരിക്കുക, മാഫിയകൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുകയും, ഇവരെ സഹായിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ എന്നിവ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ഇവയിലൂടെ ജനങ്ങളുടെ മനസ്സിൽ സുരക്ഷിതത്വബോധം വളർത്തുകയുമാണ് 'ഓപ്പറേഷൻ സുരക്ഷ' പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) അക്രമികളെയും ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരെയും പൂർണ്ണമായി അമർച്ച ചെയ്ത് ജനങ്ങളുടെ സ്വൈരജീവിതം ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്ത് ഓപ്പറേഷൻ സുരക്ഷാ പദ്ധതിക്ക് 24-2-2015-ൽ തുടക്കം കുറിച്ചു. ഇതിന്റെ ഭാഗമായി ലോക്കൽ പോലീസും ഇന്റലിജൻസ് വിഭാഗവും ഏകോപിപ്പിച്ച് സ്ഥിരം കുറ്റവാളികൾക്കെതിരെ ഗുണ്ടാനിയമവും മുമ്പ് അക്രമസംഭവങ്ങളിലും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലും ഉൾപ്പെട്ടിട്ടുള്ള മുഴുവൻ വ്യക്തികളുടെയും ഇപ്പോഴത്തെ പ്രവർത്തനം നിരീക്ഷിച്ച് സമാധാന ജീവിതത്തിന് ഭീഷണിയാകുന്ന

അത്തരക്കാരെ ഗുണ്ടാനിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതോടൊപ്പം 107 സി.ആർ.പി.സി. ഉൾപ്പെടെയുള്ള സെക്യൂരിറ്റി നടപടികൾ സ്വീകരിച്ചും വരുന്നു. കൂടാതെ പിടികിട്ടാപ്പുള്ളികളെ അറസ്റ്റ് ചെയ്യുവാനുള്ള സത്വര നടപടികൾ സ്വീകരിച്ച് സാമൂഹ്യവിരുദ്ധ ഭീഷണി അമർച്ച ചെയ്യുന്നതിനും ഓപ്പറേഷൻ സുരക്ഷാ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു.

കുന്ദമംഗലം പോലീസ് സ്റ്റേഷൻ

199 (1943) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്ദമംഗലം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

കുന്ദമംഗലം പോലീസ് സ്റ്റേഷനുവേണ്ടിയുള്ള കെട്ടിട നിർമ്മാണത്തിനായി ഉദ്ദേശിച്ചിട്ടുള്ള സ്ഥലം പാറകൾ നിറഞ്ഞതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി പാറകൾ പൊട്ടിക്കുകയും ടി സ്ഥലം നിരപ്പാക്കുന്നതിനുള്ള നടപടികൾ നടന്ന് വരികയുമാണ്.

പുതുക്കാട് പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണം

200 (1944) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് പഴയ പോലീസ് സ്റ്റേഷൻ കെട്ടിടം നിൽക്കുന്ന സ്ഥലത്ത് പോലീസ് ക്വാർട്ടേഴ്സ് നിർമ്മിക്കണമെന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയം പരിഗണനയിലുണ്ടോ എന്നറിയിക്കുമോ;

(സി) എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം പരിഗണനയിലാണ്.

(സി) എം.ഒ.പി.എഫ്. 2013-14 (കേന്ദ്ര വിഹിതം)-ൽ ഉൾപ്പെടുത്തി ആറ് അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ തൃശ്ശൂർ റൂറൽ ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഇതിൽ രണ്ടെണ്ണം 29 ലക്ഷം രൂപ ചെലവിൽ തൃശ്ശൂർ റൂറൽ ജില്ലയിലെ പുതുക്കാട് പോലീസ് സ്റ്റേഷൻ പരിധിയിലാണ് നിർമ്മിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly